**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1208** **30-08-2022 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സുരക്ഷിതവും ദീർഘകാലം നിലനിൽക്കുന്നതുമായ റോഡുകൾ നിർമ്മിക്കുന്നതിന് പുതിയ പദ്ധതികൾ എന്തെങ്കിലും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ദീർഘകാലം ഈടുനിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി നിരത്തു വിഭാഗത്തിനു കീഴിലെ എല്ലാ റോഡുകളും ഘട്ടംഘട്ടമായി ബി.എം & ബി.സി നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. ദീർഘകാലം ഈടുനിൽക്കുന്നതും പരിപാലന ചെലവ് കുറഞ്ഞതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതിക വിദ്യ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, ഗതാഗത തിരക്കുള്ള നഗര പാതകൾ തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. വൈറ്റ് ടോപ്പിംഗ് രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 15 മുതൽ 20 വർഷം വരെ ഈടു നിൽക്കുന്നവയാണ്, അനുയോജ്യമായ റോഡുകൾ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് മഴയുടെ അളവ് മുൻകാലങ്ങളിൽ നിന്നും അധികമായതിനാൽ റോഡുകളുടെ സംരക്ഷണത്തിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | കഴിഞ്ഞ കുറച്ചു വർഷങ്ങളായി തുടർച്ചയായുണ്ടാകുന്ന അതിവർഷം മൂലം നിരത്തു വിഭാഗത്തിനു കീഴിലെ റോഡുകൾക്ക് സാരമായ തകരാറുണ്ടാകുന്നുണ്ട്. റോഡുകളിലൂടെയുള്ള ശക്തമായ വെള്ളപ്പാച്ചിലിലും, വെള്ളക്കെട്ടുമൂലവും റോഡുകൾക്ക് തകരാറുകൾ സംഭവിക്കുന്നു. റോഡുകൾ ഘട്ടംഘട്ടമായി ബി.എം & ബി.സി നിലവാരത്തിലേക്ക് ഉടർത്തുകയാണ് ലക്ഷ്യം. ആയത് ഒഴിവാക്കുന്ന തിനായി ഫണ്ട് ലഭ്യത കണക്കിലെടുത്തും സ്ഥല ലഭ്യതയനുസരിച്ചും ആവശ്യം വേണ്ട ഓടകളും, കലുങ്കുകളും ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ റോഡുകൾ ഉയർത്തുന്നതിനും നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. മലയോര പ്രദേശങ്ങളിൽ ചരിവുകളുടെ സംരക്ഷണത്തിനായി സംരക്ഷണഭിത്തികളുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനും പ്രാമുഖ്യം നൽകി വരുന്നു. മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ഓടകൾ, കലുങ്ക് എന്നിവയിലൂടെ നീരൊഴുക്ക് ഉറപ്പാക്കുന്നതിനായുള്ള ശുചീകരണം, റോഡുകളിലെ കുഴിയടയ്ക്കൽ, റോഡ് വശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായുള്ള മണ്ണ് നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. റോഡ് നിർമ്മാണ സമയത്ത് നവീന സമ്പ്രദായങ്ങൾ ഏർപ്പെടുത്തിയും നിലവാരം ഉയർത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ